## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2302 08.05.2017 ലെ മറുപടിയ്ക്ക്**

**ഇട്ടിയപ്പാറയിലെ പിൽഗ്രിം സെന്ററിന്റെ നിർമ്മാണം**

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.രാജു എബ്രഹാം | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) ഇട്ടിയപ്പാറയിലെ പിൽഗ്രിം സെന്ററിന്റെ നിർമ്മാണം എന്നാണ് ആരംഭിച്ചത് എന്ന് പറയാമോ; ഇപ്പോൾ ഇത് ഏതു ഘട്ടം വരെയായി; ആർക്കാണ് നിർമ്മാണ ചുമതല; ഇതിനായി എത്ര രൂപയാണ് വകയിരുത്തിയിരിക്കുന്നത്; | (എ) | ഇട്ടിയപ്പാറയിലെ പിൽഗ്രിം സെന്ററിന്റെ നിർമ്മാണം10.10.2014 ൽ ആരംഭിച്ചു. ഇപ്പോൾ മണ്ണ് ഫില്ലിംഗ് നടത്തി, ആകെ 632 പൈലുകളിൽ 81 പൈലുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണച്ചുമതല കരാറുകാരനായ റോജർ മാത്യു & കമ്പനിക്കാണ്. 16.5 കോടി രൂപയ്ക്കാണ് ഈ പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുള്ളത്. |
| (ബി) പിൽഗ്രിം സെന്റർ നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ എന്താണ് തടസ്സം; ഇത് പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചു എന്ന് പറയാമോ;<br>(സി) പ്രശ്നങ്ങൾ പരിഹരിച്ച് എന്ന് നിർമ്മാണം പൂർത്തിയാക്കാനാകും എന്ന് പറയാമോ? | (ബി) & (സി) | ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്ത് നിന്നും തടസ്സം ഇല്ല. എന്നാൽ കരാറുകാരന്റെ സാമ്പത്തിക പ്രശ്നമാണ് പ്രവൃത്തി മന്ദഗതിയിലാകാൻ കാരണം. എഗ്രിമെന്റ് പ്രകാരം 09.10.2016 നകം പൂർത്തിയാക്കേണ്ടിയിരുന്ന ടി പ്രവൃത്തിക്ക് 08.03. 2018 വരെ കാലാവധി നീട്ടി കൊടുത്തിട്ടുണ്ട്. ടി കാലാവധിയ്ക്കുള്ളിൽ നിർമ്മാണം പൂർത്തിയാക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

Omaden

**സെക്ഷൻ ഓഫീസർ**